**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2177** **06-07-2022 - ൽ മറുപടിയ്ക്ക്**

**പുതിയ അംഗൻവാടികൾ അനുവദിക്കാനുള്ള മാനദണ്ഡം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലിന്റോ ജോസഫ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആവശ്യമായിടങ്ങളിൽ പുതിയ അംഗൻവാടികൾ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | (എ) | (എ) ഉണ്ട്. 2014 ൽ കേന്ദ്ര സർക്കാർ അങ്കണവാടി ഓൺ ഡിമാൻഡ് പ്രകാരം സംസ്ഥാനത്ത് 203 അങ്കണവാടികൾ പുതുതായി അനുവദിച്ചിട്ടുണ്ട്. അങ്കണവാടി ഓൺ ഡിമാൻഡ് പ്രകാരം കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ള അങ്കണവാടികളിൽ ST മേഖലയിൽ 112 അങ്കണവാടികൾ ഉൾപ്പെടെ 203 അങ്കണവാടികൾ പ്രവർത്തനമാരംഭിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിഗണനയിലാണ്. |
| (ബി) | പുതിയ അംഗൻവാടികൾ അനുവദിക്കാനുള്ള മാനദണ്ഡം വ്യക്തമാക്കാമോ? | (ബി) | (ബി) കേന്ദ്ര സർക്കാർ നിശ്ചയിച്ചിരിക്കുന്ന മാനദണ്ഡങ്ങൾക്കനുസൃതമായി ജനസംഖ്യയുടേയും ഗുണഭോക്താക്കളുടേയും എണ്ണത്തിന്റെ അടിസ്ഥാനത്തിലാണ് അങ്കണവാടികൾ അനുവദിക്കുന്നത്. അഞ്ച് വയസ്സിൽ താഴെ പ്രായമുള്ളതും ICDS സേവനം ലഭ്യമാകാത്തതുമായ സ്ഥലങ്ങളിൽ അങ്കണവാടി ഓൺ ഡിമാൻഡ് പ്രകാരം പുതിയ അങ്കണവാടികൾ അനുവദിക്കുന്നു.<br><br>അങ്കണവാടികൾ അനുവദിക്കുന്നതിന് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ജനസംഖ്യാ മാനദണ്ഡം ചുവടെ ചേർക്കുന്നു.<br><br>**I) റൂറൽ/അർബൻ പ്രദേശങ്ങൾ അങ്കണവാടി**<br><br>400-800 ജനസംഖ്യ - 1 അങ്കണവാടി<br><br>600-1600 ജനസംഖ്യ - 2 അങ്കണവാടി<br><br>1600-2400 ജനസംഖ്യ - 3 അങ്കണവാടി<br><br>150-400 ജനസംഖ്യ - 1 മിനി അങ്കണവാടി<br><br>**II) ട്രൈബൽ/റിവൈറൽ/ഡെസോർട്ട്/ഹില്ലി അദർ ഹില്ലി ഏരിയ** |

| | | | |
|---|---|---|---|
| | | | 300-800 ജനസംഖ്യ - 1 അങ്കണവാടി<br><br>150-300 ജനസംഖ്യ - 1 മിനി അങ്കണവാടി |

സെക്ഷൻ ഓഫീസർ